**15 -ാം കേരള നിയമസഭ**

**16 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 210** **23-02-2026 - ൽ മറുപടിയ്ക്ക്**

**വ്യവസായ മേഖലയിലെ വികസന പ്രവൃത്തികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീമതി സി. കെ. ആശ,<br>ശ്രീ ഇ ചന്ദ്രശേഖരൻ,<br>ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ** | | **ശ്രീ. പി. രാജീവ്<br>(നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി)** | |
| (എ) | സംസ്ഥാനത്തിന്റെ സമഗ്ര വികസനം, ഉയർന്ന തൊഴിൽ സാധ്യത എന്നിവ ലക്ഷ്യം വെച്ചുകൊണ്ട് കേരളത്തെ സംരംഭക സൗഹൃദ സംസ്ഥാനമായി മാറ്റിയെടുക്കേണ്ടതിന്റെ ആവശ്യകത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കാമോ; | (എ) | ഉണ്ട്.<br><br>സംസ്ഥാനത്തിന്റെ സമഗ്ര വികസനവും ഉയർന്ന തൊഴിൽസാദ്ധ്യതയും ലക്ഷ്യമാക്കി കേരളത്തെ കൂടുതൽ സംരംഭക സൗഹൃദ സംസ്ഥാനമായി മാറ്റിയെടുക്കേണ്ടതിന്റെ ആവശ്യകത സർക്കാർ വ്യക്തമായി തിരിച്ചറിഞ്ഞിട്ടുണ്ട്. ഈ ലക്ഷ്യം മുൻനിർത്തി വ്യവസായ–സംരംഭകർക്കു അനുകൂലമായ നയപരിഷ്കരണങ്ങളും ഭരണപരമായ ലളിതീകരണ നടപടികളും അടിസ്ഥാന സൗകര്യങ്ങളുടെ ശക്തീകരണവും സർക്കാർ തുടർച്ചയായി നടപ്പിലാക്കി വരുന്നു.<br>സംസ്ഥാനത്തിന്റെ സമഗ്ര വികസനം, ഉയർന്ന തൊഴിൽ സാധ്യത എന്നിവ ലക്ഷ്യം വെച്ചുകൊണ്ട് കേരളത്തെ സംരംഭക സൗഹൃദ സംസ്ഥാനമായി മാറ്റിയെടുക്കുന്നതിന്റെ ഭാഗമായി സ്വകാര്യ വ്യവസായ എസ്റ്റേറ്റ് പദ്ധതിയും, കാമ്പസ് വ്യവസായ പാർക്ക് പദ്ധതിയും ആവിഷ്കരിച്ചിട്ടുണ്ട്.<br><br>ഈസ് ഓഫ് ഡൂയിംഗ് ബിസിനസ് പട്ടികയിൽ സംസ്ഥാനത്തിന് മികച്ച നേട്ടം സ്വന്തമാക്കുവാൻ കഴിഞ്ഞത് സംരംഭ മേഖലയിൽ സംസ്ഥാനം നടത്തിയ പ്രവർത്തനങ്ങളിലൂടെയാണ്. സൂക്ഷ്മ-ചെറുകിട-ഇടത്തരം സംരംഭങ്ങളുടെ മേഖലയിൽ ഉത്പാദനവും തൊഴിലും വർദ്ധിപ്പിക്കുന്നതിനുള്ള വിവിധ പദ്ധതികൾ വ്യവസായ വകുപ്പ് ആസൂത്രണം ചെയ്ത് നടപ്പിലാക്കിവരുന്നു. സർക്കാർ പദ്ധതികൾ വഴിയുള്ള സാമ്പത്തിക സഹായങ്ങൾ നൽകുന്നതിലുപരി സംരംഭകർക്ക് ആവശ്യമായ വിവിധ സേവനങ്ങളും, ഉപദേശങ്ങളും നൽകുന്ന ഒരു ഫെസിലിറ്റേറ്റർ എന്ന നിലയിലും വകുപ്പിന്റെ പ്രവർത്തനം മാറിയിട്ടുണ്ട്. സംരംഭകർക്ക് അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കി നൽകിയും, |

വ്യവസായം തുടങ്ങാൻ ആവശ്യമായ അനുമതികൾ സമയബന്ധിതമായി നൽകാൻ സഹായിക്കുകയും വഴി കേരളത്തെ മികച്ച നിക്ഷേപ സൗഹൃദ സംസ്ഥാനമാക്കി മാറ്റിയിരിക്കുന്നു.

യുണിഫൈഡ് ലാന്റ് & ബിൽഡിംഗ് പോളിസി, K-SWIFT എന്നിവ നടപ്പിലാക്കിയതിലൂടെ കൂടുതൽ നിക്ഷേപകരെ വ്യവസായ രംഗത്തേക്ക് കൊണ്ടുവരുന്നതിനും വ്യവസായം കൂടുതൽ സുഗമമാക്കുന്നതിനും സാധിച്ചിട്ടുണ്ട്.

സംസ്ഥാനത്തെ വ്യവസായ സൗഹൃദ അന്തരീക്ഷം ലോകോത്തര നിലവാരത്തിലേക്ക് ഉയർത്തുന്നതിനും നിക്ഷേപ താത്പര്യപത്രങ്ങളെ യാഥാർത്ഥ്യ നിക്ഷേപങ്ങളാക്കി പരിവർത്തനപ്പെടുത്തുന്നതിനുമായി സർക്കാർ സംഘടിപ്പിച്ച Invest Kerala Global Summit (IKGS) മുഖേന രാജ്യത്തിനകത്തും വിദേശത്തുമുള്ള നിക്ഷേപകരിൽ നിന്ന് ആകെ 449 താത്പര്യപത്രങ്ങൾ (EoI) ലഭിച്ചിട്ടുണ്ട്. ഇതിൽ 115 പദ്ധതികൾ നിർമ്മാണ ഘട്ടത്തിലേക്ക് കടന്നിട്ടുമുണ്ട്. പ്രസ്തുത പദ്ധതികളിലൂടെ ഏകദേശം ₹54908.22 കോടി നിക്ഷേപവും ഏകദേശം 66073 തൊഴിലവസരങ്ങളും സൃഷ്ടിക്കപ്പെടുമെന്നാണ് പ്രതീക്ഷിക്കുന്നത്. പദ്ധതികളുടെ നടപ്പാക്കൽ വിവിധ ഘട്ടങ്ങളിലായി പുരോഗമിച്ചുകൊണ്ടിരിക്കുന്നു. സംസ്ഥാനത്തിന്റെ ഇൻവെസ്റ്റ്മെന്റ് ഫെസിലിറ്റേഷൻ ഡിവിഷൻ അവയ്ക്ക് തുടർച്ചയായ ഏകോപനവും പിന്തുണയും നൽകി വരികയും ചെയ്യുന്നു.

കൂടാതെ, 2022-2023 മുതൽ നടപ്പിലാക്കി വരുന്ന 'Year of Enterprises' പദ്ധതിയുടെ ഭാഗമായി സംസ്ഥാനത്ത് ഏകദേശം 4,05,000-ത്തിലധികം പുതിയ സംരംഭങ്ങൾ ആരംഭിക്കാൻ സാധിച്ചിട്ടുണ്ട്. ഇതുവഴി ഏകദേശം ₹27,000 കോടിയിലധികം നിക്ഷേപം ആകർഷിക്കപ്പെടുകയും 8.6 ലക്ഷത്തിലധികം തൊഴിൽ അവസരങ്ങൾ സൃഷ്ടിക്കപ്പെടുകയും ചെയ്തിട്ടുണ്ട്.

ഏകജാലക ക്ലിയറൻസ് സംവിധാനം വഴി അനുമതികൾ ലഭ്യമാകുന്ന പ്രക്രിയ ലളിതമാക്കി. കൂടാതെ, അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തി, വ്യവസായ പാർക്കുകൾ, സെക്ടർ സ്പെസിഫിക് ക്ലസ്റ്ററുകൾ തുടങ്ങിയവ സ്ഥാപിച്ചു. നിക്ഷേപ സെമിനാറുകൾ, ഇൻവെസ്റ്റർ മീറ്റുകൾ എന്നിവ സംഘടിപ്പിച്ച് നിക്ഷേപകരെ നേരിട്ട് സമീപിക്കുകയും, വിവിധ ഇളവുകൾ വാഗ്ദാനം ചെയ്യുകയും ചെയ്തിരിക്കുന്നു.

| | | | |
|---|---|---|---|
| | | | മേൽപ്പറഞ്ഞ നേട്ടങ്ങൾ സംസ്ഥാനത്ത് സംരംഭകത്വ സംസ്കാരം ശക്തിപ്പെടുത്തുന്നതിനും പുതിയ നിക്ഷേപങ്ങൾ ആകർഷിക്കുന്നതിനും വ്യവസായ സൗഹൃദ അന്തരീക്ഷം കൂടുതൽ ശക്തിപ്പെടുത്തുന്നതിനും നിർണായക പങ്കു വഹിച്ചുവരുന്നു. |
| (ബി) | സംസ്ഥാനത്തെ വ്യവസായ പാർക്കുകളിൽ വൈദ്യുതി, ജലലഭ്യത, റോഡുകൾ, ഡ്രെയിനേജ്, മാലിന്യ സംസ്കരണ സംവിധാനം എന്നിവ ഉറപ്പാക്കിയിട്ടുണ്ടോ; ജലലഭ്യതയ്ക്കായി കേരള വാട്ടർ അതോറിറ്റിയുമായി ചേർന്ന് പ്രത്യേക ജലവിതരണ പദ്ധതികൾ നടപ്പിലാക്കിയിട്ടുണ്ടോ; വിശദമാക്കാമോ; | (ബി) | സംസ്ഥാനത്തെ സ്വകാര്യ വ്യവസായ പാർക്ക്, കാമ്പസ് ഇൻഡസ്ട്രിയൽ പാർക്ക് എന്നിവിടങ്ങളിൽ വൈദ്യുതി, ജലലഭ്യത, റോഡുകൾ, ഡ്രെയിനേജ്, മാലിന്യ സംസ്കരണ സംവിധാനം എന്നിവ ഉറപ്പാക്കിയിട്ടുണ്ട്.<br><br>കിൻഫ്രയുടെ അധീനതയിലുള്ള താഴെ പറയുന്ന പാർക്കുകളിൽ കേരള വാട്ടർ അതോറിറ്റിയുമായി ചേർന്ന് ജലവിതരണ പദ്ധതികൾ നടപ്പിലാക്കിയിട്ടുണ്ട്. കിൻഫ്രക്ക് സ്വന്തമായി ജലവിതരണ പദ്ധതി നടത്താൻ സാധിക്കാത്ത പാർക്കുകളിലാണ് ഇത്തരത്തിൽ വാട്ടർ അതോറിറ്റിയുമായി ചേർന്ന് പദ്ധതി നടപ്പിലാക്കുന്നത്.<br><br>ചേർത്തലയിൽ സ്ഥിതി ചെയ്യുന്ന മെഗാ ഫുഡ് പാർക്കിനു സീ ഫുഡ് സംബന്ധമായുള്ള എഫ്ലുവന്റ് ട്രീറ്റ്മെന്റ് പ്ലാന്റ് സ്ഥാപിച്ചിട്ടുണ്ട്. ഇത് സീ ഫുഡ് പ്രോസസ്സിങ്ങിന്റെ ഭാഗമായി ഉണ്ടാകുന്ന മലിനജലം ട്രീറ്റ് ചെയ്തു ശുദ്ധജലമാക്കി മാറ്റുന്നുണ്ട്.<br><br>കേരള ലൈഫ്സയൻസസ് പാർക്കിന്റെ കീഴിലുള്ള ബയോ 360 ലൈഫ്സയൻസസ് പാർക്ക് തിരുവനന്തപുരം തോന്നക്കൽ രണ്ട് ഘട്ടങ്ങളിലായി വ്യാപിച്ചിരിക്കുന്നു. പാർക്കിന്റെ ഒന്നാം ഘട്ടത്തിൽ റോഡ് പ്രവൃത്തികൾ, വൈദ്യുതീകരണ പ്രവർത്തികൾ, ജലവിതരണ പ്രവർത്തികൾ എന്നിവ പൂർത്തിയായിട്ടുണ്ട്. വൈദ്യുതീകരണം കെ.എസ്.ഇ.ബി വഴിയും ജലവിതരണം കേരള വാട്ടർ അതോറിറ്റി വഴിയും നടപ്പിലാക്കിയതാണ്. രണ്ടാം ഘട്ടത്തിൽ റോഡ് വികസന പ്രവർത്തികൾ പൂർത്തിയായിട്ടുണ്ട്; ആന്തരിക വൈദ്യുതീകരണ പ്രവർത്തികൾ പുരോഗമിച്ചുകൊണ്ടിരിക്കുന്നു. ജലവിതരണ പ്രവർത്തികൾ അടുത്ത സാമ്പത്തിക വർഷത്തിൽ ആരംഭിക്കുന്നതാണ്.<br><br>പാർക്കിലെ എല്ലാ ആന്തരിക റോഡുകളും വ്യാവസായിക സ്ഥാപനങ്ങൾക്ക് ആവശ്യമായ ലോജിസ്റ്റിക് കണ്ടെയ്നർ ഗതാഗത ആവശ്യങ്ങൾ പാലിക്കുന്ന തരത്തിൽ നിർമ്മിച്ചിരിക്കുന്നു. |

| | | | |
|---|---|---|---|
| (സി) | വ്യവസായ മേഖലയ്ക്ക് അനുയോജ്യമായ രീതിയിൽ ഗതാഗത രംഗത്ത് മെച്ചപ്പെട്ട നവീകരണ പ്രവർത്തനങ്ങൾ നടപ്പിലാക്കിയിട്ടുണ്ടോ; വ്യവസായ മേഖലകളോട് ചേർന്ന് റെയിൽവേ സൗകര്യത്തിന്റെ കാര്യക്ഷമത വർദ്ധിപ്പിക്കാൻ നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ; | (സി) | വ്യവസായ മേഖലയ്ക്ക് അനുയോജ്യമായ രീതിയിൽ ഗതാഗത രംഗത്ത് മെച്ചപ്പെട്ട നവീകരണ പ്രവർത്തനങ്ങൾ നടപ്പിലാക്കുന്നതിന്റെ ഭാഗമായി വ്യവസായ ഏരിയ/ പ്ലോട്ട് എന്നിവിടങ്ങളിലെ ആഭ്യന്തര റോഡുകളുടെ നവീകരണത്തിനും അറ്റകുറ്റ പണികൾക്കുമായി ആവശ്യകത അനുസരിച്ച് തുക അനുവദിക്കുകയും മേൽ പ്രവർത്തികൾ നടപ്പിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരികയും ചെയ്യുന്നു.<br><br>വ്യവസായ മേഖലയ്ക്ക് അനുയോജ്യമായ രീതിയിൽ ഗതാഗത രംഗത്ത് മെച്ചപ്പെട്ട നവീകരണ പ്രവർത്തനങ്ങൾ നടപ്പിലാക്കാൻ കഴിഞ്ഞിട്ടുണ്ട്. റെയിൽവേ സ്റ്റേഷനുകൾ, എയർപോർട്ടുകൾ, കിൻഫ്രാ പാർക്ക്, ഇൻഫോ പാർക്ക്, ടെക് നോപാർക്ക് തുടങ്ങിയ വ്യവസായ വാണിജ്യ കേന്ദ്രങ്ങളെയും സംസ്ഥാനാന്തര അന്തർസംസ്ഥാന വ്യവസായ നഗരങ്ങളെയും കേന്ദ്രങ്ങളെയും ഇൻഡസ്ട്രിയൽ ഏര്യകളെയും കണക്ട് ചെയ്ത് ധാരാളം പൊതുഗതാഗത സർവീസുകൾ ആരംഭിച്ചിട്ടുണ്ട്. ഇപ്രകാരം വ്യവസായ വികസനത്തിനുതകുന്ന രീതിയിൽ പൊതുഗതാഗത സംവിധാനം ക്രമീകരിക്കുവാൻ ഈ സർക്കാരിന്റെ കാലത്ത് കഴിഞ്ഞിട്ടുണ്ട്.<br><br>വ്യവസായ പാർക്കുകൾ, ലോജിസ്റ്റിക് ഹബുകൾ, തുറമുഖങ്ങൾ എന്നിവയുമായി ബന്ധിപ്പിക്കുന്ന പ്രധാന റോഡുകളുടെ വികസനം, ഇൻഡസ്ട്രിയൽ കൊറിഡോർ അടിസ്ഥാന സൗകര്യ വികസനം, ലിങ്ക് റോഡുകളുടെ നവീകരണം, ഭാരവാഹന ഗതാഗത സൗകര്യങ്ങളുടെ മെച്ചപ്പെടുത്തൽ തുടങ്ങിയ നടപടികൾ ഘട്ടംഘട്ടമായി പുരോഗമിച്ചു കൊണ്ടിരിക്കുന്നു.<br><br>വ്യവസായ മേഖലകളോട് ചേർന്ന് റെയിൽവേ സൗകര്യത്തിന്റെ കാര്യക്ഷമത വർദ്ധിപ്പിക്കുന്നതിനായി ചരക്ക് ഗതാഗത ശേഷി ഉയർത്തൽ, റെയിൽ സൈഡിംഗ് സൗകര്യങ്ങൾ വികസിപ്പിക്കൽ, വ്യവസായ പാർക്കുകളുമായി റെയിൽ ബന്ധം മെച്ചപ്പെടുത്തൽ തുടങ്ങിയ വിഷയങ്ങളിൽ ബന്ധപ്പെട്ട റെയിൽവേ അധികാരികളുമായി ഏകോപന പ്രവർത്തികൾ തുടരുന്നു. തുറമുഖ–റെയിൽ–റോഡ് ശൃംഖലകൾ ഏകീകരിക്കുന്ന മൾട്ടി–മോഡൽ ലോജിസ്റ്റിക് സംവിധാനം ശക്തിപ്പെടുത്തുന്നതിനും നടപടി സ്വീകരിച്ചുവരുന്നു. |

| | | | |
|---|---|---|---|
| | | | വ്യാപാര വളർച്ചയും വ്യവസായ വികസനവും കൂടുതൽ പ്രോത്സാഹിപ്പിക്കുന്നതിനായി Vizhinjam International Seaport വികസിപ്പിക്കുന്നതിൽ സർക്കാർ സജീവവും മുൻകരുതലോടെയും നടപടികൾ കൈക്കൊണ്ടിട്ടുണ്ട്. ഇത് സംസ്ഥാനത്തിന്റെ അന്തർദേശീയ വ്യാപാര ശേഷി ഗണ്യമായി ഉയർത്തുന്നതിനും ലോജിസ്റ്റിക് ചെലവ് കുറയ്ക്കുന്നതിനും സഹായകരമാകും.<br><br>പാലക്കാട് കഞ്ചിക്കോടുള്ള കിൻഫ്ര പാർക്കും ഉടനെ നിർമാണം ആരംഭിക്കാനിരിക്കുന്ന കൊച്ചി-ബെംഗളൂരു വ്യവസായ ഇടനാഴിയും തമ്മിൽ ബന്ധിപ്പിക്കുന്ന രീതിയിലുള്ള റെയിൽവേ പദ്ധതി നടപ്പിലാക്കുന്നുണ്ട്. |
| (ഡി) | ലോജിസ്റ്റിക്സ് പ്രവർത്തനങ്ങളെ നവീകരിക്കുന്നതിനാവശ്യമായ ആധുനിക സാങ്കേതികവിദ്യാ സൗകര്യങ്ങൾ വ്യവസായ പാർക്കുകളിൽ സ്ഥാപിച്ചിട്ടുണ്ടോ; വിശദമാക്കാമോ? | (ഡി) | സംസ്ഥാനത്തിന്റെ വ്യവസായ വളർച്ചയെ പിന്തുണയ്ക്കുന്നതിനും ലോജിസ്റ്റിക്സ് പ്രവർത്തനങ്ങളെ ആധുനികവത്കരിക്കുന്നതിനുമായി സർക്കാർ സമഗ്രമായ നയപരമായ ഇടപെടലുകൾ സ്വീകരിച്ചിട്ടുണ്ടെന്ന് അറിയിക്കുന്നു. തുറമുഖങ്ങൾ, വിമാനത്താവളങ്ങൾ, റെയിൽ–റോഡ് ശൃംഖലകൾ എന്നിവ ഏകീകരിക്കുന്ന മൾട്ടി–മോഡൽ ലോജിസ്റ്റിക് സംവിധാനം വികസിപ്പിക്കുക, വ്യവസായ പാർക്കുകളിൽ ആവശ്യമായ അടിസ്ഥാന സൗകര്യങ്ങൾ ഉറപ്പാക്കുക, സ്വകാര്യ പങ്കാളിത്തം പ്രോത്സാഹിപ്പിക്കുക തുടങ്ങിയ ലക്ഷ്യങ്ങളോടെയാണ് നടപടി പുരോഗമിക്കുന്നത്.<br><br>ഇതിന്റെ ഭാഗമായി സംസ്ഥാന സർക്കാർ കേരള ലോജിസ്റ്റിക്സ് നയം പ്രഖ്യാപിച്ച് ലോജിസ്റ്റിക് പാർക്കുകളുടെ വികസനത്തിനും നിക്ഷേപ ആകർഷണത്തിനും വ്യക്തമായ മാർഗരേഖ രൂപപ്പെടുത്തിയിട്ടുണ്ട്.<br><br>സംസ്ഥാനത്ത് ലോജിസ്റ്റിക് മേഖലയിലെ സാധ്യത പരിഗണിച്ച് ഈ മേഖലയിൽ കൂടുതൽ സംരംഭകരെ ആകർഷിക്കുവാൻ കിൻഫ്ര പുതുക്കിയ ലാൻഡ് അലോട്ട്മെന്റ് നയം കൊണ്ടുവരികയുണ്ടായി. അത് പ്രകാരം കിൻഫ്ര വ്യവസായ പാർക്കുകളിലോ, മൾട്ടി മോഡൽ ലോജിസ്റ്റിക് പാർക്കുകളിലോ ലോജിസ്റ്റിക് പ്രവർത്തനങ്ങൾക്കും വെയർ ഹൗസിങ്ങിനും വേണ്ടി 20% ഭൂമി അലോട്ട് ചെയ്യാവുന്നതാണ്. ഇതിനായി പുതുതായി വരുന്ന കിൻഫ്ര പാർക്കുകളിൽ ഒരു നിശ്ചിത ശതമാനം ഭൂമി മാറ്റിവെക്കുന്നതാണ്. പുതുക്കിയ നയം പ്രകാരം ലോജിസ്റ്റിക് നിക്ഷേപകർക്ക് അവർ നിർമിച്ച കെട്ടിട ഭാഗങ്ങൾ മറ്റ് ഓപ്പറേറ്റർമാർക്ക് സബ് ലീസ് ചെയ്യാവുന്നതാണ്. സംസ്ഥാനത്ത് ലോജിസ്റ്റിക് മേഖലയെ സഹായിക്കുന്നതിന് വേണ്ടി സർക്കാർ ഒരു പുതിയ |

| | | | |
|---|---|---|---|
| | | | ലോജിസ്റ്റിക് നയത്തിന് രൂപം കൊടുക്കുകയും ചെയ്തിട്ടുണ്ട്. സംസ്ഥാന സർക്കാരിന്റെ പ്രൈവറ്റ് ഇൻഡസ്ട്രിയൽ എസ്റ്റേറ്റ് നയം ലോജിസ്റ്റിക് മേഖലയിൽ കൂടുതൽ നിക്ഷേപം ആകർഷിച്ചിട്ടുണ്ട്.<br><br>ലോജിസ്റ്റിക്സ് പ്രവർത്തനങ്ങളെ ഏകോപിപ്പിക്കുന്നതിനാവശ്യമായ RFID സ്കാനർ സംവിധാനങ്ങൾ കിൻഫ്രയുടെ നിരവധി പാർക്കുകളിൽ സ്ഥാപിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ